**<u>കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം</u>**

<u>സർക്കുലർ നമ്പർ-16 /2020-2021</u>

എഫ്5-11903/2019 തീയതി -07.08.2020

വിഷയം-കോവിഡ്-19 മായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് നൽകിയ വായ്പകൾ /അഡ്വാൻസുകൾ എന്നിവ തിരികെ ഈടാക്കുന്നത് സംബന്ധിച്ച്.

സൂചന -1) 20/04/2020 തീയതിയിലെ ബോർഡ് സർക്കുലർ നമ്പർ 02/2020-2021
2) 28/07/2020 ൽ ചേർന്ന 511-മത് ബോർഡ് യോഗത്തിന്റെ 31 -നമ്പർ തീരുമാനം.

മേൽ സൂചന സർക്കുലർ പ്രകാരം കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയുടെ കീഴിൽ വരുന്ന തൊഴിലാളികൾക്ക് 5,000/- രൂപ ഗ്രാന്റും 5,000/- രൂപ ഉത്സവ വായ്പയും മുൻകൂറായി നൽകിയിരുന്നു. കൂടാതെ മാർച്ച് മാസത്തെ വേതനം ഫെബ്രുവരി മാസ വേതനത്തെക്കാൾ കുറയുന്ന പക്ഷം ഫെബ്രുവരി മാസ വേതനത്തിന് തുല്യമായി വേതനം നൽകുന്നതിന് നിശ്ചയിക്കുകയും ഫെബ്രുവരി മാസ വേതനവും മാർച്ച് മാസത്തെ വേതനവും തമ്മിലുള്ള വ്യത്യാസം വായ്പയായി പരിഗണിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇതോടൊപ്പം ആവശ്യപ്പെടുന്ന തൊഴിലാളികൾക്ക് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ റിക്കവറി ഒഴിവാക്കുന്നതിനും ഉത്തരവ് നൽകിയിരുന്നു.ആയത് തിരികെ ഈടാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

താഴെ പറയുംപ്രകാരം ടി വായ്പാ തുകകൾ തിരിച്ച് ഈടാക്കേണ്ടതാണ്.

1. 2020 ഫെബ്രുവരി മാസത്തെ വേതനത്തെ അടിസ്ഥാനപ്പെടുത്തി നൽകിയ അധിക വേതന തുക 2020 ഓഗസ്റ്റ് മാസത്തെ വേതനം മുതൽ 5,000/- രൂപ വരെയുള്ളത് 5 മാസ ഗഡുക്കളായും 5,000/- രൂപയ്ക്ക് മുകളിലുള്ളത് 10 മാസഗഡുക്കളായും ഈടാക്കേണ്ടതാണ്.
2. മുൻകൂർ ഉത്സവ വായ്പ തുക തുടർന്ന് വരുന്ന ഉത്സവ വായ്പകളിൽ കിഴിവ് ചെയ്ത് ബാക്കി തുക നൽകേണ്ടതാണ്. ഉത്സവ വായ്പ കുടിശ്ശികയുണ്ടെങ്കിൽ ടി തുകയും തുടർന്ന് വരുന്ന ഉത്സവ വായ്പയിൽ കിഴിവ് വരുത്തേണ്ടതാണ്.
3. മറ്റ് ലോണുകളുടെ കാലാവധി 3 മാസം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. (ഉദാ: 36 മാസം കാലാവധിയുള്ള വായ്പ 39 മാസമാക്കി നൽകാവുന്നതാണ്.
4. എന്നാൽ കോവിഡ്-19 സംബന്ധിച്ചുള്ള പ്രാദേശിക ലോക്ക് ഡൗണുകൾ പരിഗണിച്ച് വളരെ അത്യാവശ്യ ഘട്ടങ്ങളിൽ അതാത് കമ്മിറ്റികൾക്ക് ബന്ധപ്പെട്ട മാസങ്ങളിലെ റിക്കവറി സംബന്ധിച്ച് ചെറിയ ഇളവുകൾ നൽകാവുന്നതാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ് (ഇൻചാർജ്ജ്)

<u>സ്വീകർത്താവ്</u>

<u>എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും / പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും</u>

(എല്ലാ ഉപകാര്യാലയങ്ങളിലേയ്ക്കും സർക്കുലർ സഹിതം വിവരം അറിയിക്കുന്നതിന് വേണ്ട നടപടികൾ അതത് ജില്ലാ കമ്മിറ്റി ചെയർമാൻമാർ സ്വീകരിക്കേണ്ടതാണ്.)

<u>പകർപ്പ്</u>

ഫിനാൻസ് ഓഫീസർ/സെക്രട്ടറി
കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം
അക്കൗണ്ട്സ് ഓഫീസർ (പി&എ), (ഡബ്ലിയു&ഇ)
ജൂനിയർ സൂപ്രണ്ട് (ക്യാഷ് വിഭാഗം)
ബിൽ/സ്റ്റോക്ക്/ഓഫീസ് കോപ്പി

// ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്